എൻ. എച്ച്. 213-ലെ വാഹന അപകടങ്ങൾ

94 [676] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൻ. എച്ച്. 213-ൽ കുമരംപുത്തൂരിനും കല്ലടി കോളേജിനുമിടയിൽ നിരന്തരമുണ്ടാകുന്ന വാഹന അപകടങ്ങൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി എൻ. എച്ച്. 213-ൽ കുമരംപുത്തൂരിനും കല്ലടി കോളേജിനുമിടയിൽ റോഡ് വീതികൂട്ടുന്നതിനു വേണ്ടിയുള്ള എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ പണി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 677-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല).

മാരാരിക്കുളം നിയോജകമണ്ഡലത്തിലെ മരാമത്തു പണികൾ

95 [678] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരാരിക്കുളം നിയോജകമണ്ഡലത്തിൽ 2001-2002 മുതൽ 2005-2006 വരെയുള്ള ഓരോ വർഷവും ഏറ്റെടുത്ത മരാമത്തു പണികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) മേൽപ്പറഞ്ഞവയിൽ പൂർത്തിയാക്കിയ വർക്കുകളും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്ന വർക്കുകളും ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ വർക്കിന്റെയും അടങ്കൽ തുക എത്ര വീതമെന്നും ചെലവഴിച്ച തുക എത്ര വീതമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുബന്ധ ലിസ്റ്റിൽ താഴെപ്പറയുന്ന 6 വർക്കുകൾ ഒഴിച്ചുള്ള എല്ലാ വർക്കുകളും പൂർത്തിയായി:

1. മുഹമ്മ തണ്ണീർമുക്കം കായൽ ബാങ്ക് റോഡ് നിർമ്മാണം
2. മുട്ടത്തിപറമ്പ് പാലത്തിന്റെ പുനർനിർമ്മാണവും റോഡിന്റെ പുനരുദ്ധാരണവും
3. ആലപ്പുഴ അർത്തുങ്കൽ റോഡിന്റെ പുനർനിർമ്മാണം
4. കാട്ടൂർ-കലവൂർ റോഡിൽ കലവൂർ ജംഗ്ഷന്റെ പുനരുദ്ധാരണം
5. മുട്ടത്തിപറമ്പ് റോഡിൽ താറുമാറായ 4 കലുങ്കുകളുടെ പുനർനിർമ്മാണം
6. കണിച്ചുകുളങ്ങര റോഡ് എൻ. എച്ച്. ൽനിന്നും കണിച്ചുകുളങ്ങര ക്ഷേത്രം കവലവരെ റീതികൂട്ടൽ.

(സി) ഓരോ വർക്കിന്റെയും അടങ്കൽ തുക അനുബന്ധ ലിസ്റ്റിൽ അതാതിനു നേരെ രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ വർക്കിനും ചെലവഴിച്ച തുകയെ സംബന്ധിച്ച കണക്കുകൾ പ്രത്യേകം ശേഖരിച്ചു നൽകുന്നതാണ്.

വി. എച്ച്. എസ്. സ്കൂളുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന നടപടിക്രമം

96 [679] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി വി. എച്ച്. എസ്. സ്കൂളുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്ന സഹായം എത്ര;

(ബി) നിലവിലുള്ള വി. എച്ച്. എസ്. സ്കൂളുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇതിനായി സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ചേർപ്പ് ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഇതിനായി 18.25 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം -VIII

[11-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ 95 (678) ദയവായി കാണുക]

(എ) 2001-2002

1. ചേർത്തല തണ്ണീർമുക്കം റോഡിൽ കി. മീ. 0/400 മുതൽ 1/350 വരെയും 2/200 മുതൽ 2/920 വരെയും 3/030 മുതൽ 3/300 വരെയും 20 എം. എം. ഘനത്തിൽ ചിപ്പിംഗ് കാർപ്പെറ്റ് ജോലികൾ

അടങ്കൽ 8.95 ലക്ഷം

2. ആലപ്പുഴ മധുര റോഡിൽ കി.മീ. 2/954-ൽ ഗതാഗത സുരക്ഷിതത്വ ജോലികൾ

അടങ്കൽ 3.50 ലക്ഷം

3. എസ്. എൽ. പുരം റോഡിൽ കി. മീ. 0/000 മുതൽ 9/800 വരെയുള്ള സംരക്ഷണ ജോലികൾ

അടങ്കൽ 7.90 ലക്ഷം

4. ആലപ്പുഴ മധുര റോഡിൽ തലവടി ജംഗ്ഷനിൽ ഗതാഗത സുരക്ഷിതത്വ ജോലികൾ

അടങ്കൽ 9.30 ലക്ഷം

5. ആലപ്പുഴ മധുര റോഡിൽ കി. മീ. 11/960-ൽ പഴയ കലുങ്ക് പുതുക്കി പണികൾ

അടങ്കൽ 9.10 ലക്ഷം

6. ആലപ്പുഴ അർത്തുങ്കൽ റോഡിൽ തുമ്പോളി ജംഗ്ഷനിൽ താറുമാറായ കലുങ്കിന്റെയും ഓടകളുടെയും പുതുക്കിപ്പണിയൽ

അടങ്കൽ 9.50 ലക്ഷം

48.25 ലക്ഷം

2002-2003

1. എസ്. എൽ. പുരം റോഡിൽ കി. മീ. 0/000 മുതൽ 3/000 വരെ 20 എം. എം. ഘനത്തിൽ ചിപ്പിംഗ് കാർപ്പെറ്റ് ജോലികൾ

അടങ്കൽ 11.45 ലക്ഷം

2. എസ്. എൽ. പുരം റോഡിൽ കി. മീ. 6/000 മുതൽ 8/000 വരെ ചിപ്പിംഗ് കാർപ്പെറ്റ് ജോലികൾ

അടങ്കൽ 8.00 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

3. ചേർത്തല തണ്ണീർമുക്കം റോഡിൽ കി. മീ. 0/000 മുതൽ 0/400 വരെയും 1/350 മുതൽ 2/850 വരെയും 20 എം. എം. ഘനത്തിൽ ചിപ്പിംഗ് കാർപ്പെറ്റ് ജോലികൾ

അടങ്കൽ 5.50 ലക്ഷം

4. കാട്ടൂർ കലവൂർ റോഡിൽ കി. മീ. 0/000 മുതൽ 2/250 വരെ 20 എം. എം. ഘനത്തിൽ ചിപ്പിംഗ് കാർപ്പെറ്റ് ജോലികൾ

അടങ്കൽ 9.00 ലക്ഷം

5. കഞ്ഞിക്കുഴി മാരാരിക്കുളം റോഡിൽ കി. മീ. 0/800 മുതൽ 3/200 വരെ 20 എം. എം. ഘനത്തിൽ ചിപ്പിംഗ് കാർപ്പെറ്റ് ജോലികൾ

അടങ്കൽ 10.00 ലക്ഷം

6. ചേർത്തല തണ്ണീർമുക്കം റോഡിൽ കി. മീ. 3/000 മുതൽ 5/900 വരെ റോഡിന് വീതി കൂട്ടൽ

അടങ്കൽ 15.00 ലക്ഷം

7. തിരുവിഴ പുത്തനങ്ങാടി റോഡിൽ കി. മീ. 1/100-ൽ സ്ലാബ്, കൾവർട്ട് പുതുക്കി പണിയൽ

അടങ്കൽ 3.00 ലക്ഷം

61.95 ലക്ഷം

2003-2004

1. ചേർത്തല തണ്ണീർമുക്കം റോഡിൽ കി. മീ. 2/750 മുതൽ 5/950 വരെ 20 എം. എം. ഘനത്തിൽ ചിപ്പിംഗ് കാർപ്പെറ്റ് ജോലികൾ

അടങ്കൽ 14.59 ലക്ഷം

2. കണിച്ചുകുളങ്ങര-കുറുപ്പൻകുളങ്ങര റോഡിൽ പോത്തശ്ശേരി കലുങ്കിന്റെ പുനർനിർമ്മാണം

അടങ്കൽ 12.00 ലക്ഷം

3. ആലപ്പുഴ മധുര റോഡിൽ കി. മീ. 12/954 മുതൽ 22/954 വരെ പുനരുദ്ധാരണ ജോലികളും കലുങ്കുകളുടെ പുനർനിർമ്മാണവും

അടങ്കൽ 63.34 ലക്ഷം

4. മുഹമ്മ-തണ്ണീർമുക്കം കടയൽ ബാങ്കിന്റെ നിർമ്മാണം

അടങ്കൽ 101 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

5. ചേർത്തല കുറുപ്പൻകുളങ്ങര കണിച്ചുകുളങ്ങര റോഡിന്റെ വീതി കൂട്ടൽ
അടങ്കൽ 76.2 ലക്ഷം

6. കഞ്ഞിക്കുഴി മുഹമ്മ റോഡിന്റെ പുനരുദ്ധാരണം
അടങ്കൽ 45.66 ലക്ഷം

7. കുട്ടത്തിപ്പറമ്പ് പാലത്തിന്റെ പുനർനിർമ്മാണവും റോഡിന്റെ പുനരുദ്ധാരണവും
അടങ്കൽ 80 ലക്ഷം

8. ആലപ്പുഴ അർത്തുങ്കൽ റോഡിന്റെ പുനരുദ്ധാരണം.

അടങ്കൽ 50 ലക്ഷം
442.79 ലക്ഷം

2004-2005

1. എസ്സ്. എൽ. പുരം റോഡിൽ കി. മീ. 3/000 മുതൽ 5/000 വരെ 20 എം. എം. ഘനത്തിൽ ചിപ്പിംഗ് കാർപ്പെറ്റ്

അടങ്കൽ 10.00 ലക്ഷം

2. എസ്സ്. എൽ. പുരം റോഡിൽ കി. മീ. 8/000 മുതൽ 8/900 വരെ 20 എം. എം. ഘനത്തിൽ ചിപ്പിംഗ് കാർപ്പെറ്റ്

അടങ്കൽ 5.00 ലക്ഷം

3. കണിച്ചുകുളങ്ങര റോഡിൽ കി. മീ. 0/000 മുതൽ 2/250 വരെ 20 എം. എം. ഘനത്തിൽ ചിപ്പിംഗ് കാർപ്പെറ്റ്

അടങ്കൽ 7.00 ലക്ഷം

4. ആലപ്പുഴ മധുര റോഡിൽ കി. മീ. 9/500 മുതൽ 11/667 വരെ 20 എം. എം. ഘനത്തിൽ ചിപ്പിംഗ് കാർപ്പെറ്റ്

അടങ്കൽ 9.95 ലക്ഷം

5. എസ്സ്.എൽ.പുരം റോഡിൽ കി. മീ. 8/960 മുതൽ 9/800വരെ 20 എം. എം. ഘനത്തിൽ ചിപ്പിംഗ് കാർപ്പെറ്റ്

അടങ്കൽ 4.00 ലക്ഷം

6. ചേർത്തല തണ്ണീർമുക്കം റോഡിൽ കി. മീ. 3/600 മുതൽ 3/800 വരെ ജല നിർഗ്ഗമന ജോലികൾ

അടങ്കൽ 5.00 ലക്ഷം

7. ആലപ്പുഴ മധുര റോഡിൽ കി. മീ. 20/250 മുതൽ 22/954 വരെ 20 എം. എം. ഘനത്തിൽ ചിപ്പിംഗ് കാർപ്പെറ്റ് ജോലികൾ

അടങ്കൽ 12.75 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

8. തിരുവിഴ പുത്തനങ്ങാടി റോഡിൽ കി. മീ. 1/600 മുതൽ 4/420 വരെ 20 എം. എം. ഘനത്തിൽ ചിപ്പിംഗ് കാർപ്പെറ്റ് ജോലികൾ

അടങ്കൽ 10.6 ലക്ഷം

9. കുറുപ്പൻകുളങ്ങര കണിച്ചുകുളങ്ങര റോഡിൽ കി. മീ. 4/600 മുതൽ 5/500 വരെ പുനരുദ്ധാരണവും താറുമാറായ കലുങ്ങിന്റെ പുനർനിർമ്മാണവും

അടങ്കൽ 5.20 ലക്ഷം

10. കാളികുളം മുട്ടത്തിപ്പറമ്പു റോഡിൽ കി. മീ. 0/000 മുതൽ 3/000 വരെ 20 എം. എം. ഘനത്തിൽ ചിപ്പിംഗ് കാർപ്പെറ്റ് ജോലികൾ

അടങ്കൽ 11.50 ലക്ഷം

81.00 ലക്ഷം

2005-2006

1. കാട്ടൂർ കലവൂർ ജംഗ്ഷന്റെ പുനരുദ്ധാരണം

അടങ്കൽ 12.00 ലക്ഷം

2. കുട്ടത്തിപ്പറമ്പ് റോഡിന്റെ താറുമാറായ 4 കലുങ്ങുകളുടെ പുനർനിർമ്മാണം

അടങ്കൽ 6.00 ലക്ഷം

3. കണിച്ചുകുളങ്ങര റോഡ് എൻ. എച്ച്.-ൽ നിന്ന് കണിച്ചുകുളങ്ങര ക്ഷേത്രം കവല വരെ വീതി കൂട്ടൽ

അടങ്കൽ 18.80 ലക്ഷം

36.80 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly